**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കുടിവെള്ള പദ്ധതി - പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് - ശ്രീ. പി. ഉബൈദുള്ള എം.എൽ.എ യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 576/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02/03/2017

പരാമർശം:-
1. ശ്രീ. പി. ഉബൈദുള്ള എം.എൽ. എ യുടെ 20.10.2016 ലെ പി.യു.101/2016/ADS/MPM നമ്പർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18/01/2017 ലെ ഡി.ബി.4/571/17/സി.ഇ.തസ്വഭവ നമ്പർ കത്ത്.
3. ധനകാര്യ വകുപ്പിന്റെ 08/02/2017 ലെ 943360/NCC1/2016/ധന ഫയൽ.

**ഉത്തരവ്**

പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ കണ്ണിപറമ്പ് കുടിവെള്ള പദ്ധതിക്ക് എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അനുവദിക്കണമെന്ന് ശ്രീ.പി.ഉബൈദുള്ള എം.എൽ.എ പരാമർശം (1) പ്രകാരം ആവശ്യപ്പെടുകയും, ടി പദ്ധതിക്കുവേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. പി. ഉബൈദുള്ള എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും 25.00 ലക്ഷം രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ) പുൽപ്പറ്റ ഗ്രാമപഞ്ചായത്തിലെ കണ്ണിപ്പറമ്പ് കുടിവെള്ള പദ്ധതിയ്ക്ക് വകുപ്പ് സംബന്ധമായ നടപടിക്രമങ്ങളും 11.06.2012 ലെ സ.ഉ.(അച്ചടി) നം.332/2012/ധന സർക്കാർ ഉത്തരവും പാലിച്ചു കൊണ്ട് അനുവദിക്കുന്നതിനും പദ്ധതി നിർവ്വഹണം നടത്താൻ നിർദ്ദേശിച്ചിരിക്കുന്ന സ്രോതസ്സ്, പമ്പ് ഹൗസ്, റിസർവോയർ, distribution main എന്നിവ സ്വകാര്യ ഭൂമിയിലല്ല എന്നും ടി പദ്ധതി ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും സ്രോതസ്സ് ആയി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് ടി പദ്ധതി പ്രദേശത്ത് ജലവിതരണം നടത്താൻ പര്യാപ്തമായ രീതിയിൽ ജല ലഭ്യതയുണ്ടെന്ന് ഉറപ്പ് വരുത്തിയും ടി പ്രവൃത്തി മറ്റ് ഏതെങ്കിലും ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തുകയോ നിർവ്വഹണം നടത്താൻ പരിഗണിക്കുകയോ ചെയ്തിട്ടില്ല എന്നും കൂടി ഉറപ്പ് വരുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇത് സംബന്ധിച്ച ചെലവ് '4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽ.എ.സി - എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി.സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രസിഡന്റ് / സെക്രട്ടറി, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ/എൽ.ബി.എ.&എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

Liya

സെക്ഷൻ ഓഫീസർ